II ഇ.ബി. XV- കേരള നിയമസഭ/XIII-17

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 25, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

76(*481) ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം പദ്ധതി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, പ്രാദേശിക ജനസമൂഹത്തിന്റെ വികസനം ലക്ഷ്യമാക്കി 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപന്നം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ടി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനും ഉൽപന്നങ്ങളുടെ മൂല്യവർധന പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിശദമായ മാർഗരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി ഓരോ തദ്ദേശസ്ഥാപനത്തിനും

പരമാവധി 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാർഷികോൽപന്നങ്ങൾക്ക് പ്രാമുഖ്യം നൽകിയും പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ചും തയ്യാറാക്കുന്ന പദ്ധതി രേഖ പ്രാദേശിക സാമ്പത്തിക വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 456 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപന്നങ്ങൾ കണ്ടെത്തുകയും പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് വിവിധ പദ്ധതികൾപ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ നിബന്ധനകൾക്കുവിധേയമായി ഇവർക്കും ലഭ്യമാക്കുന്നതാണ്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 351209 സംരംഭങ്ങൾ മുഖേന 22,526 കോടി രൂപയുടെ നിക്ഷേപം നേടുന്നതിനും 745274 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വനിതകളെ കൂടുതലായി സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സംരംഭകത്വ പ്രോത്സാഹന

പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് സംരംഭകരിൽ ബോധവൽക്കരണം നടത്തുക, വായ്പ, സബ്സിഡി, ലൈസൻസ്, ഇൻഷ്വറൻസ് എന്നിവയ്ക്കായി എന്റർപ്രൈസ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക, തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രാദേശിക സാമ്പത്തിക വികസന/മാർക്കറ്റിങ് പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ഏകോപനം നടത്തുക എന്നിവ ലക്ഷ്യമാക്കി 1026 തദ്ദേശസ്ഥാപനങ്ങളിൽ സംരംഭക സഭകൾ രൂപീകരിച്ചിട്ടുണ്ടെന്നും 2025 മാർച്ച് 27-ഓടുകൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംരംഭക സഭകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും സംരംഭക സഭയിൽനിന്ന് ലഭിച്ചിട്ടുള്ള നിർദേശങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് തീരുമാനമെടുക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വ്യാവസായിക വളർച്ചയ്ക്ക് ഭൂമി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, ഡിസൈൻ ഫാക്ടറി എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ടെന്നും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് ലഭിച്ച വ്യവസായ ഭൂമിക്ക് ദി കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റ്, 1999-പ്രകാരമുള്ള ആനുകൂല്യങ്ങൾ

നൽകിവരുന്നതിനുപുറമെ സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ സർക്കാർ ധനസഹായം നൽകിവരുന്നുണ്ടെന്നും ഇതിനോടകം 33 പേർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ടെന്നും മൂല്യവർധിത ഉൽപന്നങ്ങളാക്കി വിപണിയിലെത്തിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് 'കേരള ഗ്രോ' എന്ന ബ്രാൻഡ് നെയിം നൽകിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

77(*482) <u>സഹകരണരംഗത്ത് നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണരംഗത്ത് സുതാര്യതയും വിശ്വാസ്യതയും ഊട്ടിയുറപ്പിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023-ന് അനുസൃതമായ ചട്ടഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA)

തയ്യാറാക്കുകയും 01-03-2025 മുതൽ മിന്നൽ പരിശോധന നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ജീവനക്കാർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചതിനുപുറമെ പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ച് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നൽകുന്ന നിക്ഷേപങ്ങൾക്കുള്ള പരിരക്ഷ അഞ്ച് ലക്ഷം രൂപയായി ഉയർത്തുകയും സഹകരണ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലമാറ്റം ഓൺലൈൻ മുഖാന്തരം നടപ്പിലാക്കുകയും സഹകരണ സ്ഥാപനങ്ങളിലെ മത്സര പരീക്ഷകൾക്ക്

ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുകയും 2025 ഏപ്രിലിൽ കരട് സഹകരണ മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് നിശ്ചിത ഇടവേളകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവ സർവീസ് റിക്കോർഡുകളിൽ രേഖപ്പെടുത്തുന്നതിനുമായി "മികവ് 2024" പദ്ധതി ആവിഷ്കരിക്കുകയും കേരളാ ബാങ്ക് ജീവനക്കാർക്കായി തൃശ്ശൂരിൽ പരിശീലനകേന്ദ്രം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. RTGS, NEFT, CTS Clearing, UPI തുടങ്ങിയ ഡിജിറ്റൽ സേവനങ്ങൾ എല്ലാത്തരം ജനങ്ങൾക്കും ലഭ്യമാക്കുന്നതിന് കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുകയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് KB Prime Plus, KB Prime തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലകളിലെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 2025 ഏപ്രിൽ 21 മുതൽ 30 വരെ സഹകരണ എക്സ്പോ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലിക്വിഡേഷനിലാകുന്ന ബാങ്കുകളുടെ

പുനരുജ്ജീവനത്തിന് 5 ലക്ഷം രൂപ നൽകിവരുന്നുണ്ടെന്നും ഇതിനായി ഒരു പുനരുദ്ധാരണ നിധിക്ക് രൂപം നൽകിയിട്ടുള്ളതിനുപുറമെ നബാർഡ് സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. സഹകരണ മേഖലയിൽ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ഈ വർഷം 16 ട്രെയിനിങ് സെന്ററുകൾക്ക് 5 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ടെന്നും ഗ്രാന്റ് ലഭ്യമാകാത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായമായി തുക അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾമൂലം മരണപ്പെടുന്നവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യം ലഭ്യമാക്കിവരുന്നുണ്ടെന്നും സംസ്ഥാനത്ത് നിലവിൽ 32 യുവ സഹകരണസംഘങ്ങൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ 'B' ഗ്രേഡിലേക്ക് ഉയർന്ന കേരള ബാങ്ക് സംസ്ഥാനത്തെ മികച്ച 5 ബാങ്കുകളിലൊന്നായി മാറിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

78(*483) <u>സോളാർ നിലയങ്ങളിൽ ഡിസ്ട്രിബ്യൂട്ടഡ് കമ്മ്യൂണിറ്റി സ്റ്റോറേജ്</u>

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, സോളാർ

നിലയങ്ങളിൽ ഡിസ്ട്രിബ്യൂട്ടഡ് കമ്മ്യൂണിറ്റി സ്റ്റോറേജ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ കുറഞ്ഞ ചെലവിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാനും കൂടുതൽപേരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിലൂടെ ആഭ്യന്തര വൈദ്യുതി ഉൽപാദനം വർധിപ്പിക്കാനും സാധിച്ചിട്ടുണ്ടെന്നും കമ്മ്യൂണിറ്റി ഗ്രിഡിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി അതതു സ്ഥലത്തുതന്നെ ഉപയോഗിക്കുന്നതിനാൽ ഗ്രിഡ് സ്റ്റെബിലിറ്റിയെ ബാധിക്കാതെ സോളാർ ഉൽപാദനം സാധ്യമാകുന്നതാണെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം പഞ്ചായത്തിലെ ഉപഭോക്താക്കൾ ഉൽപാദിപ്പിക്കുന്ന സോളാർ വൈദ്യുതി ശേഖരിച്ച് പീക് സമയത്ത് വിതരണം ചെയ്യുന്ന പദ്ധതിയുടെ സാങ്കേതിക സാധ്യതകൾ പരിശോധിച്ചുവരികയാണ്. സോളാർ വൈദ്യുതി ഉൽപാദനം വൻതോതിൽ വർധിക്കുന്നത് ഗ്രിഡ് സ്റ്റെബിലിറ്റിയെ ബാധിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് കീഴിലുള്ള ആഭ്യന്തര കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗ ഊർജ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതോടെ ഗ്രിഡിലുണ്ടാകുന്ന സ്റ്റെബിലിറ്റി സംബന്ധിച്ച വിഷയങ്ങൾ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. 2016-മുതൽ സോളാർ വൈദ്യുതി

ഉൽപാദനത്തിൽ 1499.5 മെഗാവാട്ടിന്റെ വർധനയുണ്ടായിട്ടുണ്ടെന്നും പുരപ്പുറ സോളാർശേഷി 3000 മെഗാവാട്ടായി ഉയർത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യം പരിഗണിച്ച് പുനരുപയോഗ അധിഷ്ഠിത വൈദ്യുത ഗ്രിഡിലേക്ക് സംയോജിപ്പിക്കുന്നതിന് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്നും സംസ്ഥാനത്തെ കായലുകളിലും ജലാശയങ്ങളിലും 6000 മെഗാവാട്ട് വൈദ്യുതി ഉൽപാദനം ലക്ഷ്യമിടുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗരേഖ അംഗീകരിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ ആദ്യഘട്ടമായി 400 മെഗാവാട്ട് ശേഷിയുള്ള പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

79(*484) ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശ്ശികയ്ക്ക് ആംനസ്റ്റി പദ്ധതി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽനിന്ന് 2005-06 മുതൽ 2020-21 വരെ ലഭിക്കേണ്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിന് മുൻകാല

ഇളവുകളുടെ തുടർച്ചയായി നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ച് ബാക്കി പലിശയും പിഴയും ഒഴിവാക്കുന്നതിന് ആനംസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഇതിലൂടെ കോടതി വ്യവഹാരമുള്ളതും പഴക്കമേറിയതുമായ കുടിശ്ശികകൾ തീർപ്പാക്കി തുക ഖജനാവിലേക്ക് ലഭ്യമാക്കുന്നതാണെന്നും സഭയെ അറിയിച്ചു. 2019-ൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി 2022 വരെ തുടർന്നെങ്കിലും കൊവിഡ്, അനുബന്ധ പ്രശ്നങ്ങൾമൂലം പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ മിക്ക നികുതിദായകർക്കും സാധിക്കാത്ത സാഹചര്യത്തിലാണ് ഈ വർഷം പുതിയ പദ്ധതി പ്രഖ്യാപിച്ചതെന്നും പദ്ധതിയുടെ ഭാഗമായി സർക്കാരിന് ലഭിക്കേണ്ട നികുതി തുകയിൽ കുറവുവരുന്നതല്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. നികുതി അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ 36 ബാറുകളുടെ ലൈസൻസ് റദ്ദാക്കുകയും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റലിജൻസ് പരിശോധനകളിലൂടെ 2024-25 ഫെബ്രുവരി വരെ 699.61 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ 445.47 കോടി രൂപ സർക്കാരിലേക്ക് ഈടാക്കുകയും മൂന്നുപേർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും നികുതി പിരിവ് ഊർജിതമാക്കുന്നതിന് കർശന നിലപാടാണ്

സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

80(*485) കടൽത്തീര പ്രദേശങ്ങളിലെ മണൽ നിക്ഷേപം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, കടൽ ഖനനം, ഓഫ്ഷോർ മിനറൽ ഡ്രഡ്ജിങ് എന്നിവ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സാമൂഹിക മേഖലകളിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് 2002-ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്തുവാനുള്ള തീരുമാനത്തിൽനിന്നും പിൻമാറണമെന്ന് കേന്ദ്രത്തോട് രേഖാമൂലവും 04-03-2025-ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ പ്രമേയത്തിലൂടെയും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ, കടൽ ഖനനം സംസ്ഥാനത്തുണ്ടാക്കുന്ന പാരിസ്ഥിതികവും സാമൂഹികവും തൊഴിൽപരവുമായ പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മത്സ്യബന്ധന/ഖനി വകുപ്പുമന്ത്രിമാർക്കും കേന്ദ്ര ഖനി സെക്രട്ടറിക്കും 13-02-2025, 27.02.2025

തീയതികളിൽ കത്തുകളും നൽകിയിട്ടുണ്ട്. കേരളം ഉന്നയിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി-യെ കേന്ദ്രഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.